**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ്- എക്സൈസ്- കോവിഡ്-19 വ്യാപനത്തെ തുടർന്ന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ കണക്കിലെടുത്ത് ENA, IMFL പെർമിറ്റുകൾക്ക് നല്കുന്ന കാലാവധി താത്കാലികമായി ദീർഘിപ്പിച്ച് നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ജി) വകുപ്പ്**

സ. ഉ.(സാധാ)നം. 485/2020/നി.വ | തീയതി, തിരുവനന്തപുരം, 27/07/2020

---

പരാമർശം : 1. 04-06-2020 ലെ സ. ഉ.(സാധാ) 378/2020/നി.വ. ഉത്തരവ്.

2. എക്സൈസ് കമ്മീഷണറുടെ 21-07-2020 ലെ EXC/244/2020-XC3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ, പരാമർശം (1) പ്രകാരം Import, Transport പെർമിറ്റുകളുടെ കാലാവധി 31-07-2020 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നതായും, എന്നാൽ രാജ്യത്താകമാനം കോവിഡ്-19 വ്യാപനം തുടരുന്ന സാഹചര്യത്തിൽ, നിലവിലുള്ള യാത്രാ പരിമിതികളും, പെർമിറ്റുകൾ ബന്ധപ്പെട്ട കമ്പനികളിൽ തപാൽ എത്തിച്ചേരുന്നതിനുള്ള കാലതാമസവും കണക്കിലെടുത്ത്, സാഹചര്യം മെച്ചപ്പെടുന്നതുവരെ, Import പെർമിറ്റുകളുടെ കാലാവധി നിലവിൽ നൽകുന്ന 45 ദിവസത്തിൽ നിന്ന് 90 ദിവസമായും, Transport പെർമിറ്റുകളുടെ കാലാവധി 9 ദിവസത്തിൽ നിന്ന് 18 ദിവസമായും താത്കാലികമായി ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം എക്സൈസ് കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ മൂലം നിലവിലുള്ള യാത്രാ പരിമിതികളും, പെർമിറ്റുകൾ ബന്ധപ്പെട്ട കമ്പനികളിൽ തപാൽ എത്തിച്ചേരുന്നതിനുള്ള കാലതാമസവും കണക്കിലെടുത്ത്, സാഹചര്യം മെച്ചപ്പെടുന്നതുവരെ, Import പെർമിറ്റുകളുടെ കാലാവധി നിലവിൽ നൽകുന്ന 45 ദിവസത്തിൽ നിന്ന് 90 ദിവസമായും, Transport പെർമിറ്റുകളുടെ കാലാവധി 9 ദിവസത്തിൽ നിന്ന് 18 ദിവസമായും താത്കാലികമായി ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ശ്യാം.വി
അണ്ടർ സെക്രട്ടറി

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ/ ആഡിറ്റ് ), കേരള, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ